Draft #14 of File 157490/AC A5-2/2021/ACAD Approved by ASSISTANT REGISTRAR III (ACADEMIC) on 23-Feb-2024 12:54 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിലെ BLISc പ്രോഗ്രാം - പരിഷ്കരിച്ച സ്കീം, സിലബസ് എന്നിവ 2024 അഡ്മിഷൻ മുതൽ എന്നാക്കി പരിഷ്കരിക്കുന്നത് - അക്കാദമിക് കൗൺസിൽ തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 5 സെക്ഷൻ**

നമ്പർ. 1709/AC A 5/2024/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 23.02.2024

---

*പരാമർശം:*-1. 10.10.2023 - ലെ നമ്പർ 10548/AC A5/2023/MGU സർവ്വകലാശാലാ ഉത്തരവ്.
2. 08.12.2023 - ലെ നമ്പർ 12297/AC A5/2023/MGU സർവ്വകലാശാലാ ഉത്തരവ്.
2. 31.01.2024 - ന കൂടിയ അക്കാദമിക് കൗൺസിൽ യോഗ നടപടിക്രമത്തിന്റെ ചുരുക്കം ഇനം നമ്പർ 88/157490/AC A5-2/2021/ACAD

**<u>ഉത്തരവ്</u>**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിലെ BLISc പ്രോഗ്രാമിന്റെ പരിഷ്കരിച്ച സ്കീം, സിലബസ് എന്നിവ അംഗീകരിക്കുന്നതിനും, ടി കോഴ്സിന് ഗ്രേഡിംഗ് രീതി അവലംബിക്കുന്നതിനും, യു.ജി.സി. യുടെ നിർദേശാനുസരണം കോഴ്സിന്റെ പേര് BACHELOR OF LIBRARY AND INFORMATION SCIENCE (B.Lib.I.Sc) എന്നാക്കി മാറ്റുന്നതിനും മേൽ തീരുമാനങ്ങൾ 2023 അഡ്മിഷൻ മുതൽ നടപ്പിൽ വരുത്തുന്നതിനും ഉള്ള അക്കാദമിക് കൗൺസിൽ യോഗതീരുമാനം പരാമർശം (1) ഉത്തരവായിരുന്നു. ആയത് സിൻഡിക്കേറ്റിൽ റിപ്പോർട്ട് ചെയ്യുകയും പരമാർശം (2) ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

എന്നാൽ 2023 അഡ്മിഷൻ വിദ്യാർത്ഥികളുടെ ക്ലാസുകൾ, പ്രസ്തുത ഉത്തരവ് ആകും മുമ്പ്, നിലവിലുള്ള സിലബസ് പ്രകാരം 13.07.2023 - ന ആരംഭിച്ചെന്നും എല്ലാ കോളേജുകളിലും പഴയ സിലബസിൽ ക്ലാസുകൾ ആരംഭിക്കുകയും ഒന്നാം സെമസ്റ്റർ പരീക്ഷാഫീസ് ഒടുക്കേണ്ട തീയതി 18.01.2023 ആയതു കൊണ്ടും കരട് നോട്ടിഫിക്കേഷൻ പരീക്ഷ കൺട്രോളർ അംഗീകരിച്ചിട്ടുള്ളതിനാലും ഈ വൈകിയ സമയത്ത് പുതിയ സ്കീം പ്രകാരം വീണ്ടും ക്ലാസുകൾ നടത്തുന്നതിന് പ്രായോഗികമായി ബുദ്ധിമുട്ട് ഉള്ളതിനാൽ 2023 അഡ്മിഷൻ വിദ്യാർത്ഥികൾക്ക് നിലവിലുള്ള സിലബസ് പ്രകാരം തന്നെ പരീക്ഷകൾ നടത്തുന്നതിനുള്ള അനുമതിക്കും പരിഷ്കരിച്ച B.Lib.I.Sc -ന്റെ സ്കീം, സിലബസ് എന്നിവ 2024 അഡ്മിഷൻ മുതൽ പ്രാബല്യത്തിൽ വരുത്തുന്ന രീതിയിൽ നടപടികൾ സ്വീകരിക്കുന്നതിനും പരീക്ഷാ വിഭാഗത്തിൽ നിന്നും ഫയൽ സമർപ്പിച്ചിരുന്നു.

BLISc പ്രോഗ്രാമിന്റെ പരിഷ്കരിച്ച സ്കീം, സിലബസ് എന്നിവ 2023 അഡ്മിഷൻ മുതൽ നടപ്പിലാക്കുന്നത് കോഴ്സ് കാലാവധി നീണ്ടു പോകുന്നതിനും വിദ്യാർത്ഥികൾക്ക് ഒരു വർഷം നഷ്ടമാകുന്നതിനും കാരണമാകും എന്നത് പരിഗണിച്ച്, മേൽപരാമർശ ഉത്തരവുകൾ 2024 അഡ്മിഷൻ മുതൽ എന്നാക്കി പരിഷ്കരിക്കുന്ന വിഷയം 30.01.2024 - ൽ ചേരുന്ന അക്കാദമിക് കൗൺസിലിന്റെ പരിഗണയ്ക്ക് സമർപ്പിച്ചിരുന്നു.

30.01.2024 - ന ചേർന്ന അക്കാദമിക് കൗൺസിൽ യോഗം, പരാമർശം (3) പ്രകാരം, സർവ്വകലാശാലയിൽ നടത്തിവരുന്ന B.L.I.Sc. പ്രോഗ്രാമിന്റെ പരിഷ്കരിച്ച സ്കീം, സിലബസ് എന്നിവയുടെ പ്രാബല്യത്തീയതി 2024 അഡ്മിഷൻ മുതൽ എന്നാക്കി പരിഷ്കരിക്കുന്നതിനു തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഷാജി കെ ജി

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ചെയർപേഴ്സൺ, ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ ലൈബ്രറി & ഇൻഫർമേഷൻ സയൻസ്
2. വൈസ് ചാൻസിലറുടെ പി.എസ്.
3. രജിസ്ട്രാർ /പരീക്ഷ കൺട്രോളർ എന്നിവരുടെ പി.എ.
4. EI 14/ EA 1
5. ജെ.ആർ 2 (admin) /ഡി.ആർ 2, എ.ആർ 3 (academic)
6. എ.സി.സി. 1/ എ.സി.സി. 2
7. പി.ആർ.ഓ./ഐ.ക്യൂ.എ.സി / AcB VI / AcB VII .

File No. 157490/AC A5-2/2021/AC AD

Draft #14 of File 157490/AC A5-2/2021/ACAD Approved by ASSISTANT REGISTRAR III (ACADEMIC) on 23-Feb-2024 12:54 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം